# സ്വത്വാവബോധത്തിന്റെ പെൺവഴികൾ ഭൂതവർത്തമാനങ്ങളിൽ

പ്രിയ എസ്.
എച്ച്.എച്ച്.എസ്.ടി., മലയാളം, ജി.എച്ച്.എസ്.എസ്. കുഞ്ചിത്തണ്ണി, ഇടുക്കി.

**സംഗ്രഹം**

കേരളചരിത്രത്തിലെ ഇരുണ്ട അദ്ധ്യായമാണ് അടിമത്തവ്യവസ്ഥിതി. ഏറെക്കാലം നിലനിന്നുപോന്ന ഈ വ്യവസ്ഥിതി സമൂഹത്തെ രണ്ട് തട്ടുകളാക്കി. അടിമത്തം എന്ന പദം മുന്നോട്ടുവെയ്ക്കുന്നത് സ്വത്വനഷ്ടത്തെ തന്നെയാണ്. രാഷ്ട്രീയവും സാമൂഹികവും ലിംഗപരവും മാനസികവുമായ സ്വത്വബോധത്തിൽ മേൽക്കോയ്മ സൃഷ്ടിക്കുന്ന എന്തും അടിമത്തത്തിലേക്ക് നയിക്കുന്നതാണ്. അപഗ്രഥനത്തിനു വിധേയമാക്കുമ്പോൾ അടിമത്തം വിപുലമായ അർത്ഥതലങ്ങളിലേക്ക് വ്യാപിച്ചു കിടക്കുന്നതായി കാണാം. ഈ പ്രബന്ധത്തിൽ അനാവരണം ചെയ്യാൻ ശ്രമിക്കുന്നത് സ്ത്രീ സ്വത്വാവബോധത്തിലേക്കുണ്ടായ കടന്നുകയറ്റങ്ങളുടെ രാഷ്ട്രീയ-ചരിത്ര-സാംസ്കാരിക അധിനിവേശങ്ങളെക്കുറിച്ചാണ്. അടിമത്തസമ്പ്രദായത്തിൽ ഭരണപരമായ ഇടപെടലുകൾ അനുകൂലവും പ്രതികൂലവുമായി കാലാകാലങ്ങളായി ഉണ്ടായതിൽ നിന്നും പൂർണവിമോചനം സ്ത്രീകൾ നേടിയോ എന്ന വിലയിരുത്തലാണ് ഇവിടെ നടത്താൻ ശ്രമിച്ചിരിക്കുന്നത്. സ്ത്രീപ്രാതിനിധ്യവും സ്ത്രീസമൂഹത്തിന്റെ നിലവിലെ പ്രശ്നങ്ങളും അടിസ്ഥാനപ്പെടുത്തിയുള്ള പഠനമാണിത്.

**താക്കോൽവാക്കുകൾ**: ഫ്യൂഡലിസം, കറുത്തമാതാവ്, പെൺപണം, മുലക്കരം, പുലപ്പേടി, മണ്ണാപ്പേടി.

ചരിത്രാതീതകാലം മുതൽതന്നെ അടിമ-ഉടമ വ്യവസ്ഥിതി പ്രകൃതിയിലും സമൂഹത്തിലും നിലനിന്നുവരുന്നു. മാനവചരിത്രവഴികൾ പരിശോധിച്ചാൽ ആഗോളതലത്തിൽ വ്യവസ്ഥാപിതമായിരിക്കുന്ന അടിമത്തത്തിന്റെ

വർഗ്ഗ-വർണ്ണ-സംസ്കാര-ലൈംഗിക ചൂഷണവ്യവസ്ഥിതികൾ വ്യക്തമാകുന്നു. ഒന്നിൽ ഒതുങ്ങി നിൽക്കാതെ വ്യാപിച്ചുനിൽക്കുന്ന ഒരു അവസ്ഥാവിശേഷ മാണിത്. ഭൂതവർത്തമാനഭാവികാലങ്ങൾക്ക് ഇതിൽനിന്നും പൂർണമായ മോചനം സിദ്ധിച്ചിട്ടുമില്ല. അടിമത്തത്തെക്കുറിച്ചുള്ള ആദ്യ പരാമർശം കാണുന്നത് തരിസാപ്പള്ളി ശാസനത്തിലാണ്.അയ്യനടികൾ തിരുവടികൾ പള്ളി പണിയാനുള്ള സ്ഥലവും പണിക്കാരായി അടിമകളെയും നൽകുന്ന തായി ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ഇതുകൂടാതെ അടിമക്കാശിനെക്കുറിച്ചും പരാമർശമുണ്ട്. സർക്കാരിന് അടിമകളെ സൂക്ഷിക്കുന്നവർ നൽകിയിരുന്ന നികുതിയാണ് അടിമക്കാശ്.ബാർബോസ, വർത്തേമ തുടങ്ങിയ സഞ്ചാരികളും അടിമസമ്പ്രദായത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. 1800-ൽ കേരളം സന്ദർ ശിച്ച ബുക്കാനനിൽ നിന്നാണ് വിശദമായ വിവരണം ലഭിച്ചിട്ടുള്ളത്.കേരള ചരിത്രത്തിന്റെ നാൾവഴികളിലൂടെ സഞ്ചരിക്കുമ്പോൾ കാണാൻകഴിയുന്ന നിരവധി അടിമത്തസംസ്കാരങ്ങളിൽ ഒന്നാണ് സ്ത്രീത്വത്തെ അടിമവല്ക്കരിച്ച് അധീശത്വം സ്ഥാപിച്ചെടുക്കുന്ന ആൺകോയ്മയുടെ വിരുദ്ധനിലപാടുകൾ. വിശദമായൊരു വിശകലനത്തിലൂടെ വലിയ മാറ്റമില്ലാതെ തുടരുന്ന ഈ വ്യവസ്ഥിതിയെ അനാവരണം ചെയ്യേണ്ടതുണ്ട്.

കേരളചരിത്രത്തിന്റെ മധ്യകാലഘട്ടത്തിൽ ഫ്യൂഡലിസത്തെ തുടർന്ന് നിലനിർത്തിയിരുന്ന ഒന്നാണ് അടിമത്തം. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ നിരവധി സംഭവങ്ങൾ അടിമത്തവ്യവസ്ഥിതിക്ക് കാരണമായി. അങ്ങനെ കരുതുമ്പോൾ തന്നെ ഇവയുടെ ആദിരൂപമാതൃകയിലേക്ക് ഇറങ്ങി പരിശോധിച്ചാൽ പല വേർതിരിവുകളും മേൽ-കീഴ്ദ്വന്ദ്വങ്ങളെ സ്ഥാപിച്ചെടു ക്കാൻ ഉണ്ടാക്കിയെടുത്തവയല്ലെന്ന് ബോധ്യമാകും. കാലാനുസൃതമാറ്റങ്ങളാൽ അവയെ ചില അധീശതാല്പര്യങ്ങൾ മാറ്റിയെടുത്തതാണ്. കേരളസംസ്കാര ത്തിൽ ആര്യാഗമനം ഉണ്ടാക്കിയ മാറ്റങ്ങളുടെ ഒരു ഉപോല്പന്നമാണ് അടി മത്തവും.സംസ്കാരത്തിലും സമൂഹജീവിതത്തിലും എന്തിന്, ആരാധനയിൽ പോലും അരികുവൽക്കരണമുണ്ടായതോടെ മേധാവിത്വം സ്ഥാപിച്ചെടുത്ത് അടിമ-ഉടമ സംസ്കാരത്തെ രൂപപ്പെടുത്തി. എ.ഡി എട്ടാം നൂറ്റാണ്ടോടെ ആര്യാധിനിവേശം ഉന്നതാവസ്ഥയിൽ എത്തിച്ചേർന്നു.തുടർന്ന് ദ്രാവിഡരായ സ്വദേശികൾക്കുമേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ട് അടിമത്തസമ്പ്രദായം നിലവിൽവന്നു. ജാതിവ്യവസ്ഥ തൊഴിൽ എന്ന അടിസ്ഥാനത്തിൽ നിന്ന് താഴ്ച-ഉയർച്ചകൾക്ക് വഴിമാറി. താഴ്ന്നജാതിക്കാരായി മാറിയവരെ അടിമക ളായി കണക്കാക്കി. മൃഗങ്ങളെപ്പോലെ യജമാനനാൽ വില്ക്കുകയും വാങ്ങുകയും

ചെയ്യാവുന്ന വിധത്തിൽ അതുമാറി. മധ്യകാലഘട്ടത്തിൽ നിരന്തരമുണ്ടായ നാട്ടുരാജാക്കന്മാരുടെ യുദ്ധവും അടിമത്തവ്യവസ്ഥിതിയെ ഊട്ടിയുറപ്പിച്ചു. തടവുകാർ അടിമകളായി മാറി. സാമുവൽ മാറ്റീർ Native life in Travancore എന്ന പുസ്തകത്തിൽ ഉദ്ധരിക്കപ്പെട്ട ഒറ്റ വാചകത്തിൽ നിന്നും അടിമവ്യവസ്ഥിതിയുടെ ഭയാനകത വ്യക്തമാകും. "People had to throw their children to slavery for a quarter of a rupee." ദാരിദ്ര്യത്തിന്റെയും ഉടമസ്ഥതയുടെയും പരിസരത്തിൽ വില്പന വസ്തുക്കൾ ആകേണ്ടി വന്ന ഒരു സമൂഹം ഉണ്ടായിരുന്നു.എന്നാൽ അത് സർവ്വതലത്തിലും വ്യാപരിച്ചു കിടക്കുമ്പോൾ ഓരോ മേഖലകൾ പഠനവിധേയമാക്കേണ്ടതുണ്ട്.

കാർഷികപാരമ്പര്യത്തിൽ അധിഷ്ഠിതമായ കേരളത്തിന്റെ ആരാധനയിലും ജീവിതത്തിലും സ്ത്രീ പ്രാധാന്യത്തോടെ ഒരു കാലത്ത് വിരാജിച്ചിരുന്നു. കൃഷിയും നായാട്ടുമൊക്കെ തൊഴിലാക്കിയിരുന്ന ദ്രാവിഡജനത സ്ത്രീയുടെ പ്രജനനക്ഷമതയെ ആരാധനയോടെ കണ്ടിരുന്നു. കൃഷിയും സ്ത്രീയും ഉർവ്വരതയുടെ പ്രതീകങ്ങളായി. പ്രകൃതിയും അമ്മയും അഭയകേന്ദ്രവും അന്നദാതാവുമാണെന്ന സങ്കല്പത്തിൽ നിന്നും അമ്മദൈവാരാധന രൂപപ്പെട്ടു. "സർവ്വരക്ഷകയും സന്താനം, അന്നം, വിദ്യ, വീര്യം, ആരോഗ്യം ഇവ നൽകുന്നവളുമൊക്കെയാണ് അമ്മദേവത" (അമ്മദൈവവും സംസ്കാരവും: ഡോ. പി. സോമൻ) ഇത്തരത്തിൽ മാതൃപ്രാമാണ്യത്തെ അംഗീകരിച്ചുകൊണ്ട് ഗോത്രസംസ്കൃതി പുലർന്നു പോന്നു. പ്രകൃതിയെയും സ്ത്രീയെയും മാതാവായി കരുതി ആരാധിച്ചു. മാതൃദേവതാരാധനയിൽ ഉണ്ടായിരുന്ന ദ്വന്ദ്വ മുഖങ്ങൾ; അതായത് സൗമ്യ–രൗദ്ര രൂപങ്ങൾക്ക് അടിസ്ഥാനം ഈ പ്രാധാന്യമായിരുന്നു.അമ്മദൈവാരാധനയിൽ മാറ്റങ്ങൾ വന്നു തുടങ്ങിയത് ആര്യന്മാരുടെ വരവോടെയാണ്.അവൈദിക പാരമ്പര്യത്തിൽ അമ്മദൈവാരാധന പ്രധാനമായിരുന്നുവെങ്കിലും വൈദികകാലഘട്ടത്തിൽ ഈ പ്രാധാന്യം നഷ്ടപ്പെടുകയുണ്ടായി. അതായത് ആരാധനയിൽപ്പോലും വേർതിരിവ് പുലർത്തി എന്നു വേണം കരുതാൻ. ഇത്തരത്തിൽ പല മാതൃദേവതാസങ്കല്പങ്ങളിലും മാറ്റങ്ങൾ ഉണ്ടായി. കേരളത്തിൽ ഉർവ്വരതാസങ്കല്പവുമായി ബന്ധപ്പെട്ടു നിന്ന ആരാധനാമൂർത്തിയായിരുന്നു യക്ഷിദേവത. ആ സങ്കല്പം തന്നെ പാടേ മാറ്റിമറിക്കപ്പെടുകയുണ്ടായി. ഈ ദേവതയെ കറുത്തമാതാവിന്റെ ഗണത്തിൽ സ്ഥാനത്താഴ്ച വരുത്തി. ഒരു കാലത്ത് സംരക്ഷകസ്ഥാനത്ത് നിലനിന്ന യക്ഷിദേവത പൈശാചികതയുടെ മൂർത്തിയായി.എന്നാൽ ഇന്നും സന്താനലബ്ധിക്കായി നടത്തുന്ന യക്ഷിത്തോറ്റങ്ങളിൽ നിന്നും ചില പ്രത്യേക

വിഭാഗക്കാരുടെ വിവാഹത്തിൽ വരയ്ക്കുന്ന യക്ഷിക്കോലത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും ഉർവ്വരതാദേവതയായി യക്ഷി ആരാധന നിലനിന്നതിന് തെളിവുകളാണ്. പിന്നീടാണ് യക്ഷി ആരാധനയിൽ താഴ്ച വരുത്തി ഭയാനകതയുടെ പര്യായമാക്കി മാറ്റിയത്.അത്തരം ഭയാനകസങ്കല്പങ്ങൾ വ്യാപിപ്പിച്ച് സ്വാർത്ഥ നേട്ടം ഉണ്ടാക്കിയെടുക്കാൻ പലരും ശ്രമിച്ചുവെന്നതാണ് ശരിയായ വസ്തുത. അപഥസഞ്ചാരങ്ങൾക്ക് തടസ്സം വരാതിരിക്കാനും ഇരുളിന്റെ മറവിലെ അതിക്രമങ്ങൾക്കും യക്ഷിയെ മറയാക്കി. രാത്രിയിലുയരുന്ന വിജനപ്രദേശങ്ങളിലെ പെൺനിലവിളികൾക്ക് ചെവികൊടുക്കാൻ തയ്യാറാകാത്ത വിധം മനുഷ്യമനസ്സിൽ ഭയാനകത പരത്താൻ ഇതിലൂടെ കഴിഞ്ഞു.സ്ത്രീയെയായിരുന്നു ഭീകരത പടർത്തിയ യക്ഷിസങ്കല്പത്തിൽ ചോര കുടിക്കുന്ന ക്രൂരതയുടെ പ്രതീകമാക്കി മാറ്റിയത്. വശ്യത മുറ്റിയ കാമോദ്ദീപകപരിവേഷങ്ങൾ നൽകി ഭീകരതയുടെ മറുമുഖം സൃഷ്ടിച്ചു കൊടുത്ത് സ്ത്രീയെ അനാദരിക്കാനാണ് അവിടെയും ശ്രമിച്ചത്. അലഞ്ഞു നടന്ന് നിരപരാധികളുടെ ചോര കുടിക്കുന്ന, പനഞ്ചുവട്ടിൽ ഇരയെ കാത്തുനിൽക്കുന്ന ഭീകരനായ പുരുഷരൂപത്തെ ഒരിടത്തും പരാമർശിച്ചതുമില്ല. ഇതു കൂടാതെ പല തെയ്യക്കോലങ്ങളിലും ഉയർന്നു വന്നിട്ടുള്ള അമ്മദൈവസങ്കല്പങ്ങൾ ഒരു കാലത്ത് ഏതെങ്കിലും തരത്തിൽ പുരുഷമേൽക്കോയ്മയുടെയോ രാഷ്ട്രീയഅധീശത്വത്തിന്റെയോ കരാളതയിൽ ഒടുങ്ങേണ്ടി വന്നവരാണ്. അത്തരം ബലിയാകലിൽ നിന്നും ഉരുവം കൊണ്ടവയാണ് പല അമ്മത്തെയ്യങ്ങളും. ഇതിൽ നിന്നും ആരാധനയിലും ഇത്തരത്തിലെ സ്ത്രീ-പുരുഷ വ്യത്യാസം നിലനിന്നുപോന്നിരുന്നുവെന്ന് കണക്കാക്കാം. ദ്രാവിഡമായ പല ആരാധനാസമ്പ്രദായങ്ങളിലും മാറ്റം വരുത്തി ആര്യാധിനിവേശം പുലർന്നു.അത്തരത്തിലുണ്ടായ ആരാധനാകേന്ദ്രങ്ങൾ കീഴാളരെന്ന് മുദ്ര കുത്തിയവർക്ക് വിലക്കപ്പെട്ട ഇടമായി.ആരാധന, അറിവ്, സഞ്ചാരം എന്നിവയൊക്കെ നിയന്ത്രണങ്ങൾക്ക് വഴിമാറി.

ആദിമസംസ്കൃതിയിൽ പുരുഷനെപ്പോലെ ലൈംഗികസ്വാതന്ത്ര്യം സ്ത്രീകൾക്ക് ഉണ്ടായിരുന്നു. വീരനായ ഏത് പുരുഷനെയും സ്വീകരിക്കുവാൻ വിലക്കില്ലാതിരുന്ന കാലത്ത് സ്ത്രീയെ ആകൃഷ്ടയാക്കാനായി പുരുഷൻ നല്ല വേട്ടക്കാരനും അവൾക്ക് വേണ്ടുന്ന വിഭവങ്ങൾ വിളയിച്ചു ശേഖരിക്കുന്നവനുമാകാൻ മത്സരിച്ചു.എന്നാൽ ആര്യന്മാരുടെ ആഗമനത്തോടെ സ്ഥിതി മാറുകയുണ്ടായി. ആര്യന്മാരുടെ തൊഴിൽ കൃഷിയായിരുന്നില്ല. പിതൃദായക്രമം തുടർന്നുപോന്നിരുന്ന അവർ കൃഷിയുടെയും സ്ത്രീയുടെയും മേൽ അധീശത്വം സ്ഥാപിച്ചു. പല വിലക്കുകൾ അടിച്ചേൽപ്പിച്ചു. തുടർന്നാണ് ഫ്യൂഡലിസത്തിന്റെ

വളർച്ചയും അടിമത്തവ്യവസ്ഥിതിയും വ്യാപകമായത്.സ്ത്രീവിരുദ്ധമായ നിരവധി നിയമങ്ങൾ സാമൂഹികജീവിതത്തിന്റെ ഭാഗമാക്കിക്കൊണ്ട് ചൂഷണത്തിന്റേതായ ഫലം അവർ നേടിക്കൊണ്ടിരുന്നു. ആദിമഗോത്രസംസ്കൃതിയിൽ വിവാഹമെന്ന ആശയം നിലനിന്നിരുന്നുവെങ്കിലും മറ്റൊരാളെ സ്വീകരിക്കുന്നതിൽ വിലക്കുണ്ടായിരുന്നില്ല.കാലക്രമത്തിൽ ഇതിൽ മാറ്റങ്ങൾ വരുന്നതും കാണാവുന്നതാണ്. ആദിമഗിരിവർഗ്ഗക്കാർക്കിടയിൽ ആർത്തവം, പ്രസവം എന്നിവ അന്നും അശുദ്ധി തന്നെയായിരുന്നു. തീണ്ടാരിയാകുന്ന പെണ്ണ് വീടിന് പുറത്ത് കെട്ടിയുണ്ടാക്കിയ സ്ഥലത്ത് പാർക്കണം.നിശ്ചിതദിവസം കഴിഞ്ഞശേഷം മാത്രമേ വീടിനുള്ളിൽ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. ഭാര്യ തീണ്ടാരിയാണെങ്കിൽ ഭർത്താവിന് നായാട്ടിൽ പങ്കെടുക്കുന്നതിനുപോലും വിലക്കുണ്ടായിരുന്നു. സ്ത്രീയുടെ ആർത്തവദിനങ്ങൾ അവളിലുണ്ടാക്കുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകളിൽ നിന്നുള്ള മോചനമായി പൂർണവിശ്രമാർത്ഥം പൂർവ്വികർ നിലനിർത്തി വന്ന ഈ മാറ്റിനിർത്തൽ കാലക്രമത്തിൽ ഒരു അനാചാരമായി വീടിന് പുറത്തേക്കുള്ള പുറന്തള്ളലായി മാറുന്ന കാഴ്ചയാണ് തുടർന്നുകാണുന്നത്. ആയാസകരമായ ജോലികളിൽ നിന്നും ആർത്തവകാലത്തും പ്രസവഘട്ടത്തിലും ഉണ്ടായ വിട്ടുനിൽക്കലിനെ സ്ഥിരമായ ഒഴിച്ചുനിർത്തലിലേക്ക് എത്തിച്ചത് ഒരു തരം ആധിപത്യമനോഭാവത്തോടെയുള്ള പുരുഷന്റെ മുന്നേറൽ കൊണ്ടു തന്നെയാണ്. തന്റെ കായികക്ഷമത കൊണ്ട് നേടിയെടുക്കുന്ന വസ്തുക്കളിൽ ക്രമേണ സ്ത്രീയും ഉൾപ്പെട്ടു. ആദിമഗിരിവർഗ്ഗക്കാർക്കിടയിൽ വിവാഹനിശ്ചയത്തിന് പെൺപണം നൽകി പെണ്ണിന്റെ അച്ഛനിൽ നിന്നും അവളെ സ്വീകരിക്കുന്ന രീതിയുണ്ട്. അവിടെയും സ്ത്രീയുടെ മേൽ പുരുഷനുള്ള കച്ചവടമനോഭാവമാണ് പ്രകടമാകുന്നത്. ഇങ്ങനെ സ്ത്രീയുടെ സാമൂഹികപദവികളിൽ മാറ്റം തുടർന്നുകൊണ്ടിരുന്നു.

സംഘകാലഘട്ടത്തിൽ സ്ത്രീക്കും പുരുഷനും തുല്യപ്രാധാന്യം കല്പിച്ചിരുന്നതായി കാണുന്നുണ്ടെങ്കിലും പലപ്പോഴും ഒരു മേൽക്കോയ്മാമനോഭാവം ദർശിക്കാൻ കഴിയുന്നുണ്ട്. സംഘകാലം അടിമത്തവ്യവസ്ഥിതിയിൽ നിന്നും മുക്തമായിരുന്നില്ലെന്നത് അന്നത്തെ സാഹിത്യകൃതികൾ വിളിച്ചോതുന്നു.വർഗ്ഗവിഭജനം തൊഴിലടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞെങ്കിലും മേലോർ കീഴോർ വിഭജനം സാമ്പത്തികാടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്നു. അന്നത്തെ അധികാരസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അടിമവിക്രയം പോലും നടന്നിരുന്നു.കീഴാളന്മാരായ തൊഴിലാളികളുടെ അധ്വാനത്തെ ഉപയോഗപ്പെടുത്തി കൃഷിസ്ഥലങ്ങളിൽ ജോലി ചെയ്യിച്ചിരുന്നു. ദാസന്മാർ എന്നു വിളിച്ചിരുന്ന

മറ്റൊരു കൂട്ടർ അടിമകൾ തന്നെയായിരുന്നു." മൃഗങ്ങളെപ്പോലെയും ഉത്പന്നങ്ങളെപ്പോലെയും ഇവരെ കൈമാറ്റം ചെയ്തിരുന്നു.ചെൽവക്കടുങ്കോവാഴിയാതൻ എന്ന രാജാവ് അദ്ദേഹത്തെ സ്തുതിച്ചു പാടിയ കവിക്ക് ദാനം ചെയ്ത വസ്തുക്കളുടെ കൂട്ടത്തിൽ വീട്ടിൽ നിന്ന് ചോറും വസ്ത്രവും മാത്രം പ്രതിഫലം കൈപ്പറ്റി ജോലി ചെയ്യുന്ന വേലക്കാരും ഉണ്ടായിരുന്നു." (കേരളത്തിന്റെ സാംസ്കാരികചരിത്രം, പി.കെ. ഗോപാലകൃഷ്ണൻ: പുറം 164) ഇതുകൂടാതെ അടിമകളുടെ ഇറക്കുമതിയും നടത്തിയിരുന്നതായി മനസ്സിലാക്കാം. കാവേരിപ്പൂംപട്ടണത്തിന്റെ നിർമ്മാണവേളയിൽ 12000 അടിമകളെ ഇറക്കുമതി ചെയ്തതായും ഇത്തരത്തിൽ കൊണ്ടുവരുന്ന യവനസ്ത്രീകളെ കൊട്ടാരത്തിൽ പരിചാരകരായി പാർപ്പിച്ചിരുന്നതായും കേരളത്തിന്റെ സാംസ്കാരികചരിത്രം എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു. ഇതിൽ നിന്നും അന്യനാട്ടുകളിൽ നിന്നു പോലും വിപണനം ചെയ്യപ്പെടുന്ന സ്ത്രീകളെ നമുക്കുകാണാം. കച്ചവടമനോഭാവത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും ബഹിർസ്ഫുരണങ്ങൾ സംഘകാലം മുതൽ തന്നെ നിലനിന്നിരുന്നുവെന്നു സാരം. ഇതുകൂടാതെതന്നെ സതി അനുഷ്ഠിക്കുന്ന സമ്പ്രദായവും നിലനിന്നുപോന്നിരുന്നു.പുലച്ചിക്കല്ലുകൾ അതിനുതെളിവായി നിലനിൽക്കുന്നുമുണ്ട്. അതൊരു ആചാരമായി നിലനിൽക്കുമ്പോൾ സമാനമായ ഒന്ന് പുരുഷന്മാർ അനുഷ്ഠിച്ചതായി കാണുന്നില്ല. തൊൽക്കാപ്പിയം ഇതിനെ 'മലൈനിലൈ' എന്നാണ് വിളിച്ചിരുന്നത്. ആയ് ആണ്ടിരന്റെ ചിതയിൽ ചാടി മരിക്കുന്ന പത്നിയുടെ ദൃശ്യം സംഘസാഹിത്യത്തിൽ വർണ്ണിച്ചിട്ടുണ്ട്.ഇത് നിർബന്ധിതമായിരുന്നില്ലെങ്കിൽ കൂടിയും ആചാരപ്രകാരം പാലിച്ചു പോന്നിരുന്നു.എന്നാൽ ഭർത്താവിന്റെ മരണാനന്തരം ജീവിച്ചിരുന്ന സ്ത്രീകളുടെ ജീവിതം ദുരിതമയമായിരുന്നു. വിധവകൾ വളരെ പരുക്കൻ ജീവിതം നയിക്കാൻ നിർബന്ധിതരായി. ശിരസ്സ് മുണ്ഡനം ചെയ്ത് ആഭരണങ്ങൾ അണിയാതെയും സമൃദ്ധമായ ഭക്ഷണം ഉപേക്ഷിച്ചും വെറും നിലത്തുറങ്ങിയും മരണപ്പെട്ട ഭർത്താവിന്റെ ആത്മാവിന് ദിവസേന ആഹാരം നിവേദിച്ചും തികച്ചും ദയനീയമായ അവസ്ഥയിലൂടെ ജീവിതം നയിച്ചുപോന്നിരുന്നു. ഇത്തരത്തിൽ ആചാരത്തിന്റെ പേരിൽ വിലക്ക് സംഘകാലത്തിന് മുൻപുതന്നെ സ്ത്രീ മാത്രമാണ് അനുഭവിച്ചിരുന്നത് എന്ന തിരിച്ചറിവ് വ്യക്തമാക്കി തരുന്നത് ഒരു മേധാവിത്വമനോഭാവത്തെ തന്നെയാണ്.അതായത് അടിമത്തത്തിന്റെ മറുമുഖമാണ് അന്നേ ആചാരത്തിന്റെ മുഖംമൂടിയണിഞ്ഞ് സ്ത്രീസമൂഹത്തെ ഗ്രസിക്കാൻ തുടങ്ങിയിരുന്നത്.

ആര്യാധിനിവേശത്തോടെ മാറ്റിമറിക്കപ്പെട്ട സാമൂഹിക

വ്യവസ്ഥിതിയിൽ അടിമത്തത്തിന്റെ വേരുകൾ പടർന്നുപിടിച്ചു. ബ്രാഹ്മണാധിപത്യം ഏറി വന്നതോടെ തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നീ അയിത്താചാരങ്ങൾ നിലവിലുണ്ടായി. ഇതിന്റെ പേരിൽ താഴ്ന്ന വിഭാഗക്കാർ എന്ന വർഗ്ഗം അനുഭവിക്കേണ്ടി വന്നത് യാതനകളാണ്. പകലന്തിയോളം യജമാനന്റെ വയലിൽ ജോലിചെയ്യുന്ന അടിമയ്ക്ക് കൂലി പോലും കൃത്യമായി ലഭിച്ചിരുന്നില്ല. പട്ടിണിയും ദാരിദ്ര്യവും കാരണം യാതന നിറഞ്ഞ ജീവിതത്തിലൂടെ അവർ കടന്നുപോയി. ജാതിവ്യവസ്ഥ ശക്തമായതോടെ അയിത്താചാരങ്ങളും ഉണ്ടായി വന്നു. ഭക്ഷണരീതിയിലും ആചാരങ്ങളിലും വസ്ത്രധാരണത്തിലും താഴ്ന്ന നിലയിൽ നിർത്തി അവരെ കീഴാളരാക്കി. തൊട്ടുകൂടാത്ത തീണ്ടിക്കൂടാത്ത അടിമകൾക്ക് ക്ഷേത്രങ്ങൾക്ക് ചുറ്റിലുള്ള പൊതുവഴി പോലും വിലക്കപ്പെട്ടയിടമായി. മേലോർ വഴിയാത്ര ചെയ്യുമ്പോൾ തുണക്കാരായ ദാസന്മാർ 'പോ...പോ' എന്ന് ഉറക്കെ ശബ്ദമുണ്ടാക്കിയിരുന്നു. ഇതു കേട്ടാലുടൻ തീണ്ടാപ്പാടകലെ ഓടിയൊളിക്കാൻ വിധിക്കപ്പെട്ട ഒരു മനുഷ്യസമൂഹം ഉണ്ടായിരുന്നു. വിദ്യാഭ്യാസം അത്തരക്കാർക്ക് നിഷിദ്ധമായിരുന്നു. ഏതെങ്കിലും കാരണത്താൽ ഇവർ വേദപാഠങ്ങൾ കേൾക്കാനിടയായാൽ അവന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കുക എന്ന ശിക്ഷാ നടപടി ഉണ്ടായിരുന്നു.ഇത് കൂടാതെ അടിമവിഭാഗത്തിൽ പെട്ടവരെ കടുത്ത ശിക്ഷകൾക്കും വിധേയരാക്കി. "Every prince, Zamindar or Nair cheif owened slaves as they possessed cows and buffaloes. The master had the right to sell them and also put them to death." (A History of social changes in Travancore, Dr. Mayadevi S.: Page–69) ഇങ്ങനെ അടിമയുടെ ജീവിതവും മരണവും യജമാനനെ ആശ്രയിച്ചു നിന്നിരുന്നു.

ബ്രാഹ്മണമേൽക്കോയ്മ പ്രധാനമായും തകർത്തത് സ്ത്രീകളുടെ മാന്യതയെ ആയിരുന്നു. വെറും ഭോഗവസ്തു എന്ന നിലയിലേക്ക് തരംതാഴ്ന്ന കാഴ്ചയാണ് പിന്നീട് കാണാൻകഴിയുന്നത്. വളരെ മാന്യമായി നിലനിർത്തി വന്നിരുന്ന ദേവദാസിസമ്പ്രദായത്തിന്റെ അധഃപതനം ഇവിടെ തുടങ്ങുന്നു. ക്ഷേത്ര സംസ്കാരത്തിന്റെ ഭാഗമായി രൂപമെടുത്ത ദേവദാസിസമ്പ്രദായം എ ഡി ഏഴാം നൂറ്റാണ്ടു മുതൽ തന്നെ നിലവിലുണ്ടായിരുന്നു. അക്കാലത്ത് തികച്ചും പവിത്രമായ ഒന്നായി, ദേവന്റെ ദാസിയായി തന്നെ കരുതി വന്ന സ്ത്രീകൾക്ക് മാന്യസ്ഥാനവും കല്പിച്ചിരുന്നു. രാജാക്കന്മാർ പോലും ആദരിച്ചിരുന്ന ദേവദാസിമാർക്ക് ഉന്നതനിലയുണ്ടായിരുന്നു എന്നതിന് തെളിവാണ് കുലശേഖര ആഴ്വാർ തന്റെ മകളെ ദേവദാസിയാക്കിയത്.അക്കാലത്തെ

പാണ്ഡിത്യത്തിന്റെയും സംഗീതനൃത്താദി കലകളിലെ പ്രാവീണ്യത്തിന്റെയും മകുടോദാഹരണങ്ങൾ ദേവദാസികൾ തന്നെയായിരുന്നു. അവർക്ക് സ്വത്തും ധനവും കല്പിച്ച് നൽകിയിരുന്നു.എന്നാൽ ബ്രാഹ്മണാധിപത്യം വന്നതോടെ സ്ഥിതി മാറി.ദേവദാസികൾക്ക് അവർ വേശ്യാപദവിയാണ് നൽകിയത്. ഉന്നതസ്ഥാനീയരായവർക്ക് മുന്നിൽ നൃത്തം ചെയ്തും പാട്ടു പാടിയും ശരീരം നൽകിയും പ്രീതിപ്പെടുത്തുന്ന ഗണികാവൃത്തിയിലേക്ക് തള്ളിവിട്ടത് അക്കാലത്തെ ഫ്യൂഡൽ മേൽക്കോയ്മ തന്നെയാണ്.കേരളത്തിന്റെ തനത് കലാരൂപമായ മോഹിനിയാട്ടത്തിന് ദാസിയാട്ടത്തിൽ നിന്ന് രൂപമെടുത്ത ഒരു ചരിത്രവഴി കല്പിച്ചിരിക്കുന്നതും അറിവുള്ളതാണ്. കേരളത്തിൽ ദേവദാസീ സമ്പ്രദായം നിലനിന്നിരുന്നുവോ എന്ന് തർക്കങ്ങൾ നിലനിൽക്കുമ്പോഴും നാം കേട്ടുവന്ന കഥകളിലെ അച്ചീചരിതങ്ങൾ വിളിച്ചോതുന്നത് സ്ത്രീ ഉപഭോഗവസ്തുവായി മാറിയിരുന്ന ഒരു ദുഷിച്ച വ്യവസ്ഥിതി ഉണ്ടായിരുന്നു എന്നു തന്നെയാണ്. 12-ാം നൂറ്റാണ്ടു മുതലുണ്ടായ മണിപ്രവാളകാവ്യങ്ങൾ പരിശോധിച്ചാൽ അന്നത്തെ സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം വ്യക്തമാകും. സ്ത്രീ വെറും ശരീരമായി മാത്രം വർണ്ണിക്കപ്പെടുകയാണവിടെ. 'മഹിളാളി മഹാസ്പദ 'മായി ഈ കൃതികൾ വികസിക്കാനുള്ള പ്രധാന കാരണം സ്ത്രീ ഭോഗവസ്തു മാത്രമാണെന്ന ചിന്താഗതി കാരണമാണ്. മണ്ണിന്റെയും പെണ്ണിന്റെയും മേൽ ജന്മിത്തം ഉറപ്പിച്ച ഒരു വിഭാഗത്തിന്റെ വൈകാരിക മുതലാളിത്ത മനോഭാവത്തിന്റെ പ്രതിഫലനമായിരുന്നു മണിപ്രവാളകാവ്യങ്ങൾ. വരേണ്യവർഗ്ഗത്തിന്റെ സുഖാസക്തിക്കു വേണ്ടി ദേവദാസീസമ്പ്രദായത്തെ മാറ്റിയെടുത്തു. മണിപ്രവാളകാലഘട്ടം അന്നത്തെ സാംസ്കാരിക അപചയത്തിന്റെ മുഖമുദ്രയാണ്. കൃതികളിലെ വർണ്ണനാ ഭാഗങ്ങൾ പരിശോധിച്ചാൽ കാണാനാകുന്നത് ഏറിയകൂറും സ്തനവർണ്ണനയാണ്.ഈ വർണ്ണന അധികമാകാനുള്ള കാരണം അക്കാലത്ത് അനാവൃതമായിരുന്ന, പുരുഷന്റെ കാമനകൾക്ക് പ്രചോദനപരമായി വർത്തിക്കാൻ പാകപ്പെടുത്തിയ ഒരു ഭോഗവസ്തു എന്ന നിലയിൽ മറയ്ക്കപ്പെടാതെ വെളിപ്പെട്ടിരുന്ന ശരീരഭാഗമായതുകൊണ്ടു തന്നെയാണ്. അനാവൃതമായിരുന്ന ഏത് ശരീരാവയവത്തെയും വർണ്ണിക്കുന്നതുപോലെ സ്തനവർണ്ണനയും പരക്കെ ഉണ്ടായി. അക്കാലത്തെ രതിശില്പങ്ങളും ചിത്രങ്ങളും നല്കുന്ന തെളിവും ഭിന്നമല്ല.കാമോദ്ദീപകമായ രീതിയിലുള്ള ശില്പങ്ങളിലും സ്ത്രീശരീരം ഒരു കാഴ്ചവസ്തുവായി മാറുന്നത് കാണാൻ സാധിക്കും.ഈ ഒരു കാലഘട്ടം മുതൽ തുടർന്നുപോന്നിരുന്ന ഒന്നാണ് മറയ്ക്കപ്പെടാത്ത മാറിടങ്ങൾ പ്രദർശിപ്പിച്ച് പുരുഷനു മുന്നിൽ നിൽക്കേണ്ടിവന്നിരുന്ന സ്ത്രീകളുടെ അവസ്ഥ.

അക്കാലത്ത് പലതരം കരംപിരിവുകൾ ഉണ്ടായിരുന്ന കൂട്ടത്തിൽ കണ്ടിരുന്ന ഒന്നാണ് മുലക്കരം. ഇത് സ്ത്രീകൾക്ക് ഏർപ്പെടുത്തിയിരുന്ന ഒന്നാണ്. തൊഴിൽ ചെയ്യുന്ന വിഭാഗമനുസരിച്ചും സ്ത്രീ പുരുഷന്മാരും നികുതി കൊടുക്കേണ്ടതായി വന്നിരുന്നു. സ്ത്രീകൾക്ക് നൽകേണ്ടിയിരുന്ന മുലക്കരം എന്ന നികുതി കൊടുക്കാൻ നിവൃത്തിയില്ലാതെ നികുതിപ്പണത്തിന് പകരം തന്റെ മുല മുറിച്ച് രാജകിങ്കരന്മാർക്കു മുന്നിൽ വെച്ചുകൊടുത്ത നങ്ങേലിയുടെ കഥ കേൾക്കാത്തവർ ഉണ്ടാകില്ല.ഒടുവിൽ രക്തം വാർന്നു മരണം വരിക്കേണ്ടി വന്ന നങ്ങേലി അടിമത്ത വ്യവസ്ഥിതിയുടെ നീറുന്ന ഉദാഹരണമാണ്. സ്വന്തം ശരീരാവയവത്തിന്റെ പേരിൽ നികുതി നൽകേണ്ടി വന്ന, മാറു മറയ്ക്കാൻ സമരം ചെയ്യേണ്ടി വന്ന പെൺകഥകളിൽ തെളിയുന്നത് സ്ത്രീയെ അടിമയാക്കി വിജയിച്ചു നിന്നിരുന്ന മേൽക്കോയ്മാമനോഭാവം തന്നെയാണ്.

താഴ്ന്നജാതിയിൽ പെട്ട സ്ത്രീകൾ ധാരാളമായി ചൂഷണങ്ങൾക്ക് വിധേയരായിരുന്നു. അടിമകളാക്കി കൈമാറ്റം ചെയ്യാനും രാപകൽ കഷ്ടപ്പെടുത്താനും ലൈംഗികചൂഷണത്തിന് ഇരയാക്കാനും യാതൊരു മടിയും കാട്ടിയിരുന്നില്ല. അടിമപ്പെണ്ണിന് തന്റെ യജമാനനെക്കുറിച്ച് ഒരു വാക്കുപോലും എതിരായി മിണ്ടാൻ കഴിയുമായിരുന്നില്ല. അധ്വാനശീലയായ അടിമപ്പെണ്ണിന് പുരുഷനേക്കാൾ വിലയുണ്ടായിരുന്നു. പെണ്ണിന് 300 പണവും പുരുഷന് 250 പണവുമാണ് വില നിശ്ചയിച്ചിരുന്നത്. പ്രജനനശേഷിയാണ് പെണ്ണിന്റെ വിലവർദ്ധനയ്ക്ക് കാരണം. അടിമപ്പെണ്ണ് പ്രസവിക്കുന്ന കുഞ്ഞിനെ വില്ക്കാനുള്ള അവകാശം ജന്മിക്കുണ്ടായിരുന്നു. “1788 ലെ ഒരു ആൾവെലയോലക്കരണത്തിൽ പെരുമ്പറാൽ പൊലിത്തയെന്ന പെലയിയെയും അവൾ പെറ്റ പെറും മക്കളെയും വെലെയാക എഴുതിക്കൊടുത്തിരിക്കുന്നു” (കേരള സംസ്കാരം, പ്രൊഫ. എസ്സ്. അച്യുതവാര്യർ: പുറം 129) ഇങ്ങനെ ഒരു രേഖയെ സൂചിപ്പിക്കുന്നതിൽ നിന്നും അക്കാലത്തെ പെണ്ണടിമകളുടെ ദയനീയസ്ഥിതി മനസ്സിലാക്കാം. പെറ്റ കുഞ്ഞിന്റെ സംരക്ഷണം പോലും ഉറപ്പാക്കാൻ കഴിയാത്ത അടിമപ്പെണ്ണ് നിസ്സഹായ മാതൃത്വത്തിന്റെ നേർപ്പതിപ്പാണ്.അമ്മയുടെ അടിസ്ഥാന അവകാശങ്ങൾ പോലും അടിയറവച്ച് ജീവിച്ചു മരിച്ച അനേകം പെണ്ണടിമകൾ കേരളചരിത്രത്തിന്റെ കറുത്ത ഏടുകളിലുണ്ട്.

ജന്മം, കാണം, പാട്ടം എന്നിങ്ങനെ മൂന്നുതരം അടിമാവകാശ കൈമാറ്റം നിലവിലുണ്ടായിരുന്നു. അക്കാലത്ത് സമൂഹത്തിൽ വില്പന നടത്താൻ കഴിയുന്ന ഒരു വലിയവിഭാഗം അടിമകൾ തന്നെ ജനസംഖ്യയിൽ ഉണ്ടായിരുന്നു. “According to the estimate of Dr. Francis Buchanan 29336 person

out of 41367 of the population of three divisions of Malabar were the slaves in 1801 (Survey of Kerala History, A Sreedhara Menon: Page 97) അടിമവിഭാഗത്തിന്റെ ജനസംഖ്യാക്കണക്ക് ഇങ്ങനെ നീളുന്നു. കൂടുതൽ അടിമകൾ ഉണ്ടായിവരുന്നത് നേട്ടമായിത്തന്നെ കണക്കാക്കി. പരിമിതസൗകര്യങ്ങളിൽ ഉടുക്കാനും ഉണ്ണാനുമില്ലാതെ ചെറ്റപ്പുരകളിൽ പാർത്തിരുന്ന അവരുടെ പരാധീനതകൾ നാടൻപാട്ടുകളിൽ വെളിപ്പെടുന്നുണ്ട്. അവരുടെ പയ്യാരങ്ങൾ വയലേലകളിൽ ഒതുങ്ങി. അദ്ധ്വാനവും കുടുംബഭാരവും കൊണ്ട് അടിമപ്പെണ്ണുങ്ങൾ വലഞ്ഞിരുന്നു. പാടത്തെ പണികഴിഞ്ഞ് കൂലി കിട്ടിയ ഇത്തിരി നെല്ല് അരിയാക്കി കഞ്ഞി വച്ച് വിശപ്പടക്കേണ്ടി വന്ന കാലത്ത് ഏറെ കഷ്ടപ്പെട്ടത് സ്ത്രീകൾ തന്നെയാണ്.

എക്കാലത്തും ചൂഷണം ഏറെയും സ്ത്രീകളെയായിരുന്നു കേന്ദ്രീകരിച്ച് നിന്നത്. കീഴാളവിഭാഗത്തിലെ പെൺശരീരങ്ങളുടെ നഗ്നത കണ്ട് രസിച്ച് അവരെ ലൈംഗികചൂഷണത്തിന് വിധേയരാക്കിയിരുന്ന ഒരു ഫ്യൂഡൽ പ്രഭുവർഗ്ഗം അക്കാലത്ത് ഉണ്ടായിരുന്നു. ഇവിടെയൊക്കെത്തന്നെ സ്ത്രീകൾ ഏറെ അടിച്ചമർത്തൽ അനുഭവിക്കേണ്ടി വന്നത് പുരുഷന്മാരിൽ നിന്നു മാത്രമായിരുന്നു. സ്വന്തം ശരീരത്തിന്റെ മേൽ പോലും യാതൊരു അവകാശവും ഇല്ലാത്ത സ്വത്വബോധമില്ലാത്ത ഒരു പെൺസമൂഹത്തെ തന്നെ സൃഷ്ടിച്ചെടുക്കുവാൻ കാലാകാലങ്ങളായി സാധിച്ചിരുന്നു എന്നതാണ് പ്രധാനമായ വസ്തുത. കീഴാളസ്ത്രീകൾക്കായാലും മേലാളസ്ത്രീകൾക്കായാലും ‘സ്ത്രീ’ എന്ന വർഗ്ഗത്തിൽ പെട്ടതിനാൽ തന്നെ വസ്ത്രധാരണത്തിൽ പോലും സ്വന്തം നിലപാടിൽ പ്രവർത്തിക്കാൻ സാധിച്ചിരുന്നില്ല. കീഴാളസ്ത്രീകൾ കാൽമുട്ടിനു താഴെ നീളുന്ന വസ്ത്രങ്ങൾ ധരിക്കുന്നത് കർശനമായി വിലക്കിയിരുന്നു. അതുപോലെതന്നെ അവർക്ക് മാറു മറയ്ക്കുന്നതിനും അവകാശം ഉണ്ടായിരുന്നില്ല. സ്വന്തം ശരീരത്തിന്റെ നഗ്നത കീഴാളവിഭാഗം പ്രദർശിപ്പിക്കേണ്ടതാണ് എന്നത് നിയമമായി തന്നെ നിലനിന്നിരുന്നു. അതായത് സ്വത്വബോധം ഇല്ലാത്ത, അവകാശങ്ങൾ ഇല്ലാത്ത ഒരു സ്ത്രീസമൂഹം ഉണ്ടായി വരണമെന്നത് ലൈംഗികാധിപത്യം സ്ഥാപിച്ചെടുത്ത ഒരു വിഭാഗത്തിന്റെ ആവശ്യമായിരുന്നു. കീഴാളസ്ത്രീകൾ ഒരു കച്ചത്തോർത്തിൽ അവരുടെ വസ്ത്രധാരണ സ്വാതന്ത്ര്യത്തെ ഒതുക്കിയിരുന്ന അതേ കാലഘട്ടത്തിൽ നമ്പൂതിരിസ്ത്രീകൾക്ക് പുറത്തിറങ്ങണമെങ്കിൽ ശരീരം മുഴുവൻ മറയ്ക്കുന്ന വിധം ഘോഷയും ധരിച്ച് മറക്കുടയും പിടിച്ച് കാൽനഖം നോക്കി മാത്രം നടക്കേണ്ടുന്ന നിയമവ്യവസ്ഥയാണ് കല്പിച്ചു നൽകിയത്. സ്ത്രീകൾക്ക് ഒരേ കാലഘട്ടത്തിൽ തന്നെ വസ്ത്രധാരണ നിയമം രണ്ടുതരമായി.

അത് എന്തുകൊണ്ട് എന്നതു ചിന്തിക്കുമ്പോൾ വ്യക്തമാകും. ഭൂമിയുടെയും പെണ്ണിന്റെയും മേൽ അധികാരം കാംക്ഷിച്ചിരുന്നവർ തങ്ങളുടെ അന്തഃപുര സ്ത്രീകൾ മറ്റുള്ളവരുടെ ലൈംഗികതാല്പര്യങ്ങൾക്ക് ഇരയാകരുതെന്ന് ശഠിച്ചി രുന്നതിന്റെ ഫലമാണ് മുഖം പോലും കാണാൻ പാടില്ലാത്ത വിധത്തിലുള്ള വസ്ത്രധാരണം. എന്നാൽ ഇതേ അന്തഃപുരസ്ത്രീയുടെ തുണക്കാരി മാറുമറയ്ക്കാതെ പുരുഷനു മുന്നിൽ നിൽക്കണമെന്നത് അവരുടെ മേൽ ലൈംഗികാധിപത്യം ഉറപ്പിക്കേണ്ടതാണെന്ന ചിന്താഗതി കൊണ്ടുമാണ്.സ്ത്രീകൾക്ക് സ്വത്വബോധം ഉണ്ടായിത്തുടങ്ങിയതോടെ മാറുമറയ്ക്കേണ്ടതിന്റെ ആവശ്യകത വ്യക്തമായി.ആ സ്വത്വബോധത്തിന്റെ ഫലമാണ് 19-ാം നൂറ്റാണ്ടിൽ നടന്ന മാറുമറയ്ക്കൽ സമരം. സ്ത്രീകളുടെ വസ്ത്രധാരണം എങ്ങനെ ആകണമെന്നത് അധികാരവർഗ്ഗത്തി ന്റെ ഇച്ഛയ്ക്കനുസൃതമായിട്ടായിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഭരണാധികാ രികൾ തന്നെ പല നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. 1822-ൽ ജാക്കറ്റ് ധരിച്ച് ചന്തയിലെത്തിയ ചാന്നാർസ്ത്രീകളെ കുറച്ചുപേർ ചേർന്നു തടയുകയുണ്ടായി. ആദ്യഘട്ടങ്ങളിൽ മേൽമുണ്ട് ധരിച്ചു പുറത്തിറങ്ങിയ ചാന്നാർസ്ത്രീകൾക്കു നേരെ ആക്രമണങ്ങൾ ഉണ്ടായി.1828-29 കാലഘട്ടങ്ങൾ ഇതിന് സാക്ഷ്യം വഹിക്കുന്നു. വലിയൊരു ലഹളയായി പോലും മാറിയ ഈ സംഭവത്തിൽ 1829-ൽ റാണി ഗൗരി പാർവ്വതീഭായി ഒരു വിളംബരം പുറപ്പെടുവിച്ചു. ചാന്നാർ സ്ത്രീകൾ കുപ്പായത്തിന് മുകളിൽ മേൽമുണ്ട് ധരിക്കരുതെന്നതായിരുന്നു വിളംബരത്തിന്റെ ചുരുക്കം. അതായത് എത്ര കടുത്ത മാർഗ്ഗങ്ങളിലൂടെയും പെണ്ണിന്റെ സ്വത്വത്തെ അടിച്ചമർത്താൻ പോന്ന സമൂഹത്തിന്റെ സങ്കുചിത ചിന്താഗതിയാണ് അതിനു പിന്നിൽ പ്രവർത്തിച്ചത്. സമരം അവിടം കൊണ്ട് അവസാനിച്ചില്ല. തുടർന്നുവന്ന വർഷങ്ങളിൽ അതു വ്യാപകമായി. തുടർ സമരവുമായി മുന്നേറിയ സ്ത്രീകൾക്ക് അനുകൂലമായിത്തന്നെ ഉത്തരവ് വന്നു.1859-ന് ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ ചാന്നാർ സ്ത്രീകൾക്ക് അവരുടെ ആഭിജാത്യബോധമനുസരിച്ച് ഏതു തരം വസ്ത്രം ധരിക്കുന്നതിനും അനുവാദം നൽകി വിളംബരം ഉണ്ടായി. സ്വന്തം ശരീരം മറയ്ക്കാൻ പോലും ഉള്ള അവകാശം നേടാൻ സ്ത്രീവർഗത്തിന് എത്രകാലം വേണ്ടി വന്നു എന്നത് ചിന്തിക്കേണ്ടതാണ്.കായംകുളത്ത് പൊതുനിരത്തിൽക്കൂടി മാറിൽ തുണിയിട്ടു പോയ ഈഴവസ്ത്രീയുടെ മാറിലെ തുണി എടുത്തു മാറ്റി മാറിൽ വെള്ളയ്ക്കാമോട് പിടിപ്പിച്ച് അധിക്ഷേപിച്ച സംഭവത്തെ കുറിച്ച് സി.എസ്. ചന്ദ്രിക തന്റെ കേരളത്തിലെ സ്ത്രീചരിത്രങ്ങൾ സ്ത്രീമുന്നേറ്റങ്ങൾ എന്ന പുസ്തകത്തിൽ പരാ മർശിച്ചിട്ടുണ്ട്. വസ്ത്രധാരണസ്വാതന്ത്ര്യം നേടിയെടുക്കാൻ സമരം ചെയ്യേണ്ടി

വന്നത് താഴ്ന്നവിഭാഗക്കാർക്ക് മാത്രമല്ല. നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾക്ക് സാരി ഉപയോഗിക്കുവാനോ ബ്ലൗസ് ധരിക്കുവാനോ കർശന വിലക്കായിരുന്നു. അതിനെതിരെയും കുറേപ്പേർ രംഗത്തിറങ്ങി. വസ്ത്രധാരണസ്വാതന്ത്ര്യം നേടിയെടുത്തു.നാടകങ്ങൾ, ഘോഷ ബഹിഷ്കരണം എന്നിവ നടന്നതും ഏറെ വിപ്ലവം സൃഷ്ടിച്ചതും ഈ മണ്ണിൽ തന്നെ.ഇവിടെ സവർണ അവർണഭേദത്തിനപ്പുറം സ്ത്രീകളെ അടക്കിനിർത്താനുള്ള അധികാരഭാവമാണ് സ്ത്രീവിരുദ്ധനിയമങ്ങളിൽ പ്രകടമാകുന്നത്.

വസ്ത്രധാരണത്തിൽ മാത്രമല്ല ഏതുവിധത്തിൽ ചമയണമെന്നും സമൂഹത്തിലെ അധികാരകേന്ദ്രങ്ങൾ തീരുമാനിച്ചിരുന്നു. താഴ്ന്നജാതിയിൽപെട്ട സ്ത്രീകൾക്ക് കല്ലുമാലയും ഇരുമ്പു വളകളും അത്തരം കമ്മലുകളുമാണ് ധരിക്കാൻ അനുമതി നൽകിയിരുന്നത്. മേൽമുണ്ടു സമരം പോലെത്തന്നെ തങ്ങളുടെ അലങ്കാര സ്വാതന്ത്ര്യത്തിനുവേണ്ടിയും വലിയ ലഹളതന്നെ വേണ്ടി വന്നു. എന്നാൽ പ്രതിഷേധിച്ച സ്ത്രീകൾക്കാകട്ടെ കടുത്ത ശിക്ഷ ഏറ്റു വാങ്ങേണ്ടി വന്നു. കൊല്ലത്തെ പെരിനാട് എന്ന സ്ഥലത്തു വെച്ച് 1915-ൽ നടന്ന സമരഫലമായി പല കുടിലുകളും തീവെച്ചു നശിപ്പിക്കപ്പെട്ടു. ജാതീയമായ വ്യത്യാസത്തെ അടയാളപ്പെടുത്തുന്ന കല്ലുമാലകൾ ബഹിഷ്കരിച്ച് തങ്ങളുടെ ശക്തി തെളിയിക്കാൻ പലരും തയ്യാറായി വന്നു. തങ്ങൾക്കു കല്പിച്ചു പോന്നിരുന്ന അത്തരം അടയാളങ്ങളെ അരിവാൾ കൊണ്ട് പൊട്ടിച്ചെറിഞ്ഞ് അവർ പ്രതിഷേധിച്ചു. ഇങ്ങനെ സമരത്തിന്റെ ഭാഗമായി പ്രതികരിച്ച പെണ്ണിന് നേരിടേണ്ടിവന്ന ദാരുണമായ അനുഭവങ്ങൾ ചെറുതല്ല. അവരുടെ വീടുകൾ നശിപ്പിക്കപ്പെട്ടു. മാനഭംഗത്തിനിരയായി. കല്ലുമാല ഉപേക്ഷിച്ച് വഴിയിൽ വന്ന പെണ്ണിന്റെ ചെവി മുറിച്ചു. ഇത്തരത്തിൽ എത്ര തിരിച്ചടികൾ ഉണ്ടായിട്ടും അവർണ്ണവിഭാഗത്തിനായി അടയാളമാക്കി വച്ചിരുന്ന കല്ലും മാലയും ഉപേക്ഷിച്ച് പ്രതിഷേധിക്കാൻ അവർ തയ്യാറായത് തങ്ങളുടെ സ്വത്വബോധം ഉണർന്നതോടെയാണ്. ഇവിടെയും ഉയർന്ന വിഭാഗത്തിലെ സ്ത്രീകൾക്കും അലങ്കാരങ്ങൾക്ക് വ്യവസ്ഥയുണ്ടായിരുന്നതായി കാണാം. ഓട്ടുവള, വരക്കുറി, പൂത്താലി എന്നിങ്ങനെ നിശ്ചയിക്കപ്പെട്ടവ മാത്രം ഉപയോഗിക്കുക എന്നതു നിർബന്ധമായിരുന്നു. നെറ്റിയിൽ വരയ്ക്കേണ്ടുന്ന കുറിയുടെ എണ്ണവും നീളവും പോലും വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നു. ഏതു വിഭാഗത്തിലെ സ്ത്രീയായാലും നിയമത്തിന്റെ ചട്ടക്കൂടിൽ നിർത്തി അനുസരിപ്പിക്കാൻ കഴിഞ്ഞിരുന്നു എന്നതാണ് ഇവ വെളിപ്പെടുത്തുന്നത്. ഇതുകൂടാതെ ചാപിള്ളയെ പ്രസവിക്കുന്ന സ്ത്രീകളെയും വിധവകളെയും ദുഃശകുനമായി മാത്രം കണ്ടിരുന്നു. ഭാഗ്യഹീനയായി

മുദ്രകുത്തി എല്ലാ ചടങ്ങുകളിൽ നിന്നും മാറ്റി നിർത്തിയിരുന്നു. മക്കൾ ജനിക്കാത്ത സ്ത്രീകളുടെ വന്ധ്യതയെ ഒരു പാപമായി ആരോപിച്ചു. അതെന്നും സ്ത്രീയുടെ മാത്രം കുറ്റമായി നിലനിർത്തിയിരുന്നു. ഓരോരോ സംഭവങ്ങളായി എടുത്തു പരിശോധിച്ചാൽ സവർണാവർണ്ണഭേദമില്ലാതെ സ്ത്രീ സമൂഹം അടിമത്തത്തിനു വിധേയരായിരുന്നു എന്നു വേണം കരുതാൻ.

കേരളത്തിലെ ആര്യാധിനിവേശം നമ്പൂതിരിമാർക്ക് മേധാവിത്വ പദവി നൽകിയപ്പോഴും അവരുടെ സ്ത്രീകളുടെ നില പരിതാപകരമായിരുന്നു. അതിന് ഉത്തമോദാഹരണമാണ് സ്മാർത്തവിചാരം എന്ന ക്രൂരവിനോദം. ഒരു നമ്പൂതിരിക്ക് എത്ര വിവാഹം വേണമെങ്കിലും അനുവദനീയമായിരുന്നു.എന്നാൽ അവരുടെ സ്ത്രീകൾക്ക് അത് നിഷേധിക്കപ്പെട്ടിരുന്നു. സ്വസമുദായത്തിൽ നിന്നും കുടുംബത്തിലെ മൂത്തയാൾ മാത്രം വിവാഹം ചെയ്യാവൂ എന്ന നിയമം കാരണം നമ്പൂതിരി പെൺകുട്ടികളാണ് വലിയ യാതന അനുഭവിക്കേണ്ടി വന്നത്.അതോടൊപ്പം തന്നെ ഭദ്രമായ കുടുംബജീവിതം ലഭ്യമാകാതെ അലയേണ്ടി വന്ന, സ്വന്തം കുടുംബത്തിൽ അന്യനായി നിൽക്കേണ്ടിവന്ന അപ്ഫന്മാരുടെ അവസ്ഥയും പരിതാപകരമായിരുന്നു. വ്യക്തിസ്വാതന്ത്ര്യങ്ങൾക്കു മേലെ സ്മൃതി നിയമങ്ങളുടെ അധീശത്വം അടിമപ്പെടുത്തിയ വലിയ വിഭാഗം പ്രതികരണശേഷിയില്ലാതെ ജീവിച്ചു. പെൺകിടാങ്ങളുടെ അവസ്ഥയാകട്ടെ ഇതിലും ദയനീയം .എഴുപതുകാരനായ നമ്പൂതിരിയുടെ എത്രാമത്തെയെങ്കിലും വേളിയായി മാറുന്നത് പതിനഞ്ചു വയസ്സുകാരിയായിരിക്കും. നല്ല നേരം നോക്കി മാത്രം വേളിയുമായി സംസർഗ്ഗത്തിന് എത്തുന്ന ഭർത്താവ് പെണ്ണിന് അപ്രാപ്യനായിരുന്നു. സന്തത്യുൽപാദനം എന്നതിലുപരി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അധികം വൈകാതെ പ്രായാധിക്യത്താൽ നമ്പൂതിരി മരിക്കുന്നു. അതോടെ വിധവയാകുന്ന പെൺകുട്ടി നരകതുല്യമായ ജീവിതം അനുഭവിക്കുന്നു. ജീവിതം തുടങ്ങും മുമ്പ് ഒടുങ്ങുന്ന കാഴ്ച പല ഇല്ലങ്ങളിലും കാണാൻ കഴിഞ്ഞിരുന്നു. പുരുഷന്മാർ ലൈംഗികസ്വാതന്ത്ര്യം അനുഭവിക്കുമ്പോൾ അവരുടെ സ്ത്രീകൾക്ക് തങ്ങളുടെ ഇത്തരം അവകാശങ്ങളെ മനഃപൂർവ്വം നിഷേധിക്കപ്പെട്ടു. അതുകൊണ്ടുതന്നെ അവരുടെ വൈകാരികതയുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട കടുത്ത നിയന്ത്രണമായിരുന്നു സ്മാർത്തവിചാരം.നമ്പൂതിരിസ്ത്രീകൾക്ക് ചാരിത്ര്യദോഷമോ ശങ്കയോ ഉണ്ടായാൽ പരസ്യവിചാരണ നടത്തിയിരുന്നു. ഇതാണ് സ്മാർത്തവിചാരം. വെറുമൊരു സംശയത്തിന്റെ പേരിൽപ്പോലും ക്രൂരമായ രീതിയിൽ വിചാരണ നടത്തുവാനും മാനസികമായും ശാരീരികമായും തളർത്തുവാനും പോന്ന നിയമമായിരുന്നു ഇത്.കുടുംബസ്ഥന് ശങ്കയുണ്ടായാലുടൻ ആ

സ്ത്രീയെ ഒറ്റപ്പെട്ട മറ്റൊരിടത്തേക്ക് (അഞ്ചാം പുര) മാറ്റി വിചാരണ നടത്തുന്നു. വിചാരണഘട്ടത്തിൽ നേരിടേണ്ടിവരുന്ന മാനസികപീഡനം ചെറുതല്ല. കുറ്റസമ്മതം നടത്തുംവരെ കടുത്തപ്രയോഗങ്ങൾക്ക് ആ സ്ത്രീയെ ഇരയാക്കും. അഞ്ചാംപുരയിലേക്ക് ഇഴജന്തുക്കളെ കടത്തിവിടുക, പായയിൽ പൊതിഞ്ഞ് കെട്ടി പുരപ്പുറത്തു നിന്ന് താഴേയ്ക്ക് ഉരുട്ടിയിടുക തുടങ്ങിയ ക്രൂരമായ മുറകൾ പ്രയോഗിച്ചു വന്നു.ഇതിനിടെ മരണപ്പെട്ട സ്ത്രീകളും ഉണ്ടായിരുന്നു. ഒടുവിൽ കുറ്റസമ്മതം നടത്തുന്നതോടെ അവരെ പുറത്താക്കുന്നു. കുടുംബവുമായുള്ള സകലബന്ധവും ഇല്ലാതാക്കി പടിയടച്ച് പിണ്ഡംവെയ്ക്കുന്നു. അത്രയും കാലം ഇല്ലത്തിന്റെ ഇരുളറകൾ മാത്രം പരിചയമുണ്ടായിരുന്ന അവർ പുറംലോക ത്തേക്ക് എത്തുന്നതോടെ പകച്ചുപോകുന്നു. ഇങ്ങനെ പുറത്താക്കുന്ന സ്ത്രീകളെ കൊണ്ടുപോകാൻ പല ജാതിക്കാർ പുറത്ത് കാത്തുനിൽക്കും. പടിപ്പുരയ്ക്ക് പുറത്ത് അവരെ കാത്തുനിൽക്കുന്ന ആൺകൂട്ടത്തിൽ കാമത്തിന്റെ കഴുകൻ കണ്ണുകൾ അല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല.ഇത്തരത്തിൽ ക്രൂരമായ അനാചാരം സ്ത്രീകളുടെ മേലാണ് അടിച്ചേൽപ്പിക്കപ്പെട്ടിരുന്നത്. ഒരുതരമായ സ്വാതന്ത്ര്യവും അനുവദിക്കപ്പെടാത്ത വർഗ്ഗമായി കണക്കാക്കി മാറ്റിനിർത്തി മേധാവിത്വം പുലർത്തിപ്പോന്നു.

ശീലാവതീചരിതം പാടിപ്പഠിപ്പിച്ച് കർശനമായി തങ്ങളുടെ സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയെക്കുറിച്ച് ശ്രദ്ധാലുക്കളാകുമ്പോഴും അവരുടെ സ്ത്രീകൾ സ്വന്തം ഇല്ലങ്ങളിൽ സുരക്ഷിതരായിരുന്നില്ല എന്നതാണ് ചരിത്രം നൽകുന്ന തെളിവ്. അതിന് ഉദാഹരണമാണ് കുറിയേടത്ത് സാവിത്രി അന്തർജനമെന്ന കുറിയേടത്ത് താത്രിയുടെ ചരിത്രം. സ്വന്തം ബന്ധുക്കളാൽ ബാല്യകാലം മുതൽ തന്നെ അവർ ലൈംഗികമായി ചൂഷണം ചെയ്യപ്പെട്ടു.വെറും ഒൻപത് വയസ്സും പത്തു മാസവും ഉള്ളപ്പോഴാണ് അവർ ആദ്യചൂഷണത്തിന് ഇരയായത്.തുടർന്ന് പലരും അവരെ പ്രാപിച്ചതായി സ്മാർത്തവിചാര രേഖകൾ പറയുന്നു. അറുപത്തിനാല് പുരുഷന്മാർ ഒരു അന്തർജനത്തെ പ്രാപിച്ചു എന്നത് തെളിവുസഹിതം നിരത്തുമ്പോൾ സ്ത്രീകൾ സ്വഗൃഹങ്ങളിൽ പോലും സുരക്ഷിതരായിരുന്നില്ലെന്ന് മനസ്സിലാക്കണം. ആദ്യകാലങ്ങളിൽ ഭീഷണിയുടെയും പ്രലോഭനങ്ങളുടെയും ചൂഷണാത്മക സമീപനത്തിലൂടെ അവർ പീഡനത്തിനിരയായി.ഇത്തരത്തിൽ സമാനമായ സംഭവങ്ങൾ നിരവധി ഉണ്ടായിരുന്നിരിക്കണം. താത്രി തന്റെ സ്വത്വബോധത്തിൽ നിന്നും ഉയർന്നുവന്ന ആത്മധൈര്യത്താൽ ഒരു സ്മാർത്തവിചാരത്തിലൂടെ നവോത്ഥാനത്തിന് തുടക്കമിട്ടപ്പോൾ എത്രയോ സാധുസ്ത്രീകൾ തങ്ങളുടെ

പടിക്കുപുറത്ത് ആലംബം നഷ്ടപ്പെട്ട് കച്ചവടവസ്തുക്കളായി നിന്നു.സ്മാർത്തവിചാരത്താൽ പുറത്താക്കപ്പെട്ട സ്ത്രീകളെ സ്വീകരിക്കുന്നവർക്ക് അവരെ വില്പന നടത്താനും വിഘാതമുണ്ടായിരുന്നില്ല. അത്തരത്തിൽ സമൂഹമേൽപ്പിച്ച നീചത വഹിക്കാൻ വിധിക്കപ്പെട്ടത് എക്കാലവും സ്ത്രീകളായിരുന്നു.

അന്നത്തെ ഫ്യൂഡൽ വ്യവസ്ഥിതി അടിമകളാക്കിയിരുന്നവർക്കു പോലും സ്വാതന്ത്ര്യം അനുവദിച്ചിരുന്ന ചില അവസരങ്ങൾ ഉണ്ടായിരുന്നു.എന്നാൽ അതുപോലും സ്ത്രീകൾക്ക് ലഭിച്ചില്ല. അതിന്റെ പേരിലും ദുരിതമനുഭവിച്ചിരുന്നത് സ്ത്രീകൾ തന്നെ. അത്തരത്തിൽ നിലവിലുണ്ടായിരുന്ന കേരളചരിത്രത്തിലെ മറ്റൊരനാചാരമായിരുന്നു പുലപ്പേടിയും മണ്ണാപ്പേടിയും.എന്നാൽ ഇതിന്റെ തിക്തഫലം മുഴുവൻ അനുഭവിച്ചിരുന്നത് സ്ത്രീകളുമായിരുന്നു. ചില പ്രത്യേക നാളിൽ സന്ധ്യ കഴിഞ്ഞ് സവർണ്ണവിഭാഗത്തിലെ സ്ത്രീകൾ തുണയില്ലാതെ പുറത്തിറങ്ങിയാൽ വീടിന് പുറത്തുവച്ച് മണ്ണാനോ പുലയനോ പറയനോ അവരെ തൊടുകയോ കമ്പോ കല്ലോ ഉപയോഗിച്ച് എറിഞ്ഞ് കൊള്ളിക്കുകയോ ചെയ്താൽ അവളെ അശുദ്ധയായി കണക്കാക്കും. ഇങ്ങനെയുണ്ടായാൽ അവൾ താഴ്ന്ന ജാതിക്കാരനായ അയാൾക്കൊപ്പം പൊയ്ക്കൊള്ളണം. അല്ലാത്തപക്ഷം വീട്ടുകാർക്ക് അവളെ വധിക്കാം. "The designated period was between 28th makaram and first Medam of the year" (Early History of Kerala up to AD 1500, K. Sivasankaran Nair: Page 247) ഈ കാലയളവിലാണ് അടിമകൾക്കു സ്വാതന്ത്ര്യം നൽകിപ്പോന്നത്. എന്നാൽ ആ സ്വാതന്ത്ര്യം പോലും സ്ത്രീവിരുദ്ധതയായാണ് നിലകൊണ്ടത്. ഒന്നുകിൽ മരണം അല്ലെങ്കിൽ തികച്ചും അപരിചിതമായ സാഹചര്യങ്ങളിലെ ജീവിതം. രണ്ടും ഒരു സ്ത്രീയ്ക്ക് നൽകിയിരുന്നത് ക്രൂരമായ അവസ്ഥ തന്നെയാണ്.ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് വർഗ്ഗ-വർണ്ണ വ്യത്യാസത്തിനപ്പുറം സ്ത്രീകൾ മാത്രം അനുഭവിക്കേണ്ടി വന്ന സാമൂഹിക അടിമത്തത്തെയാണ്. അത്രയും നാൾ അടിമകളായി അടിച്ചമർത്തപ്പെട്ടിരുന്നവർ അനുവദിക്കപ്പെട്ട ഈ സ്വാതന്ത്ര്യത്തെ ജന്മിമാരോടുള്ള പക പോക്കലായി അവർ ഉപയോഗിച്ചു. എന്നാൽ ഒന്നുമറിയാത്ത നിരപരാധികളായ സ്ത്രീകൾ ബലിയാടുകളാവുകയാണ് ഉണ്ടായത്.തങ്ങളുടെ സ്ത്രീകൾക്കുമേൽ ഏല്പിച്ച എല്ലാ ക്രൂരതകളും അവർ ഈ അവസരം ഉപയോഗിച്ച് തിരിച്ച് നൽകി.

കേരളത്തിൽ അടിമത്ത നിരോധനത്തിന് ആദ്യ നടപടിയുണ്ടായത് 1792-ൽ മലബാർ കമ്മീഷണർ പുറപ്പെടുവിച്ച ഒരു ഉത്തരവിലാണ്.ഇതനുസരിച്ച് അടിമകളെ വാങ്ങുന്നതും വില്ക്കുന്നതും കുറ്റകരമായി കണക്കാക്കി.

ഇതുകൂടാതെ 1812-ൽ റാണി ലക്ഷ്മീഭായി അടിമകളുടെ ക്രയവിക്രയം തടഞ്ഞു കൊണ്ട് വിളംബരം പുറപ്പെടുവിച്ചു. അടിമത്തം ഇന്ത്യൻ ശിക്ഷാനിയമപ്രകാരം കുറ്റകൃത്യമായി കണക്കാക്കിയതോടെ പൂർണമായ നിരോധനം വന്നു.1814-ൽ ദിവാൻ ശങ്കരവാര്യർ അടിമവ്യാപാരം നിരോധിക്കുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്തുകൊണ്ട് സുപ്രധാനമായ ഉത്തരവിറക്കി. ഈ രംഗത്ത് ക്രിസ്ത്യൻ മിഷണറിമാരുടെ സേവനം വിസ്മരിക്കാവുന്നതല്ല. അവർ ഇത്തരം നീചസമ്പ്രദായത്തിനെതിരെ പ്രവർത്തിക്കുകയും അത് ഒരുപാടുപേർക്ക് ആശ്വാസകരമാവുകയും ചെയ്തു.

അടിമത്തവ്യവസ്ഥിതിയിൽ മാറ്റങ്ങൾ വന്നിട്ടും മാനസികമായ അടിമത്തത്തിന്റെ സാക്ഷ്യപ്പെടുത്തലുകൾ പിന്നെയും ഉണ്ടായി. പൊതുവിൽ നായർ സമുദായത്തിൽ മരുമക്കത്തായ വ്യവസ്ഥിതിയാൽ സ്ത്രീകൾ ഏറെക്കുറെ സ്വാതന്ത്ര്യവും സ്ഥാനവും നേടിയിരുന്നു എന്നാണ് പറയുന്നത്. എങ്കിലും വ്യക്തമായി വിശകലനം ചെയ്താൽ അതിലും വ്യത്യസ്തതയുണ്ട്.നായർ– നമ്പൂതിരി സംബന്ധം അക്കാലത്ത് നിലനിന്നിരുന്ന വ്യവസ്ഥിതിയാണ്. എന്നാൽ ഈ സംബന്ധമെന്ന ഏർപ്പാടു തന്നെ ഉണ്ടായി വന്നത് നമ്പൂതിരിസമുദായത്തിൽ സ്വസമുദായത്തിൽ നിന്നും വിവാഹത്തിന് പരിമിതി കല്പിച്ചതോടെയാണ്. അപ്ഫന്മാർ നായർ തറവാട്ടിൽ സംബന്ധം കൂടുന്നത് ഒരു മാന്യതയായി കരുതിയിരുന്നു.എന്നാൽ ഇവർ നായർസ്ത്രീകൾക്ക് ഭാര്യയുടേതായ സ്വാതന്ത്ര്യങ്ങൾ കല്പിച്ചു നൽകിയിരുന്നില്ല. അവർക്കുണ്ടാകുന്ന കുട്ടികളുടെ മേൽ ഒരുത്തരവാദിത്തവും പുലർത്താത്ത അപ്രാപ്യന്മാരായ ഭർത്താവായി മാറിയിരുന്നു. കുട്ടികൾക്ക് സ്വന്തം പിതാവിനെ അച്ഛനെന്ന് വിളിക്കാനുള്ള സ്വാതന്ത്ര്യംപോലും ഉണ്ടായിരുന്നില്ല. ഇങ്ങനെ അച്ഛന്റെ സംരക്ഷണം ഏൽക്കാത്ത മക്കളെ വളർത്തേണ്ടി വന്നിരുന്ന സ്ത്രീകൾ തീർച്ചയായും മാനസികവ്യഥ അനുഭവിച്ചിരിക്കും. സ്ത്രീ സഹജമായ പല ആഗ്രഹങ്ങളും നിറവേറ്റപ്പെടാതെ വൈകാരിക അടിമത്തം അനുഭവിച്ചു ജീവിച്ചിരുന്ന അത്തരം സ്ത്രീകളെ പൊതുസമൂഹം സ്വതന്ത്രരായി കണക്കാക്കി. കുടുംബത്തിന്റെ നെടുംതൂണായ കാരണവന്മാരുടെ ആജ്ഞാനുവർത്തികളായിരുന്ന പെൺ സമൂഹത്തിന് കാരണവർ നിശ്ചയിക്കുന്ന ഏതെങ്കിലും നമ്പൂതിരിയെ സ്വീകരിക്കേണ്ട അവസ്ഥയായിരുന്നു.അത് ലൈംഗിക സ്വാതന്ത്ര്യമായിരുന്നില്ല അടിമത്തമായിരുന്നു. ഇന്ദുലേഖ എന്ന നോവലിൽ ആ അവസ്ഥയുടെ ഭീകരത വ്യക്തമാണ്. സൂരി നമ്പൂതിരിപ്പാടിന്റെപ്പോലെ സ്വന്തം താല്പര്യങ്ങളെ തൃപ്തിപ്പെടുത്താൻ സംബന്ധത്തിന് ഒരുങ്ങുന്ന ഒരു സമൂഹം ഉണ്ടായിരുന്നു. വൈകാരികതയ്ക്ക് ഒരു പ്രാധാന്യവും കല്പിക്കാത്ത

ഒരു സമൂഹത്തിൽ അടിമത്തം അനുഭവിച്ചത് സ്ത്രീകൾ തന്നെ. ശാരീരികവും മാനസികവുമായ അടിമത്തമായിരുന്നു അത്. താലികെട്ട് കല്യാണം പോലുള്ള ശൈശവവിവാഹത്തിലും തുടർന്നുവന്ന സമാനമായ പല ആചാരങ്ങളിലും സമ്മർദ്ദം അനുഭവിക്കേണ്ടി വന്നത് സ്ത്രീകൾ തന്നെ. അവയിൽ നിന്നൊക്കെ മോചനം സൃഷ്ടിച്ചെടുക്കാൻ പല നവോത്ഥാനനായകന്മാരും മുന്നിട്ടിറങ്ങി. അതിന്റെ ഫലമായി പല അനാചാരങ്ങളും നിർത്തലാക്കുകയും ചെയ്തു.

സ്ത്രീവിരുദ്ധനിലപാടുകൾ അതിക്രൂരമായി നിലനിന്നിരുന്ന ഏതു കാലത്തും അതിജീവനത്തിനു തയ്യാറായിവന്ന ചെറിയ ഒരു വിഭാഗമേ ഉണ്ടായിരുന്നുള്ളൂ. സ്ത്രീകളെയും പുരുഷന്മാരെയും ആക്രമിച്ച് കീഴ്പ്പെടുത്തിയ നാദാപുരത്തെ ജോനകപ്പടയെ എതിർക്കാൻ ഉണ്ണിയാർച്ച ഉണ്ടായി. സ്വന്തം മുലയരിഞ്ഞ് ഭരണാധിപത്യത്തിലെ സ്ത്രീവിരുദ്ധതയെ എതിർക്കാൻ നങ്ങേലി ഉണ്ടായി. സ്വന്തം ശരീരത്തെ ആയുധമാക്കി മാന്യന്മാരുടെ മുഖംമൂടി യഴിച്ച് സ്വയം ദുർവിധിയേറ്റുവാങ്ങി നവോത്ഥാനത്തിന്റെ തിരികൊളുത്താൻ താത്രിയേ ഉണ്ടായി.എന്നാൽ ഇവർക്ക് മുൻപും കാലാകാലങ്ങളായി തുടർന്നു വന്ന സ്ത്രീവിരുദ്ധമനോഭാവത്തിനെതിരെ പോരാടാൻ കെല്പുള്ള ഒരു പെണ്ണും ഉണ്ടായിരുന്നില്ല. മാനസികമായ അടിമത്തവും സ്വത്വബോധമില്ലായ്മയും അവരെ എക്കാലവും കീഴോരാക്കി നിർത്തിയിരുന്നു. അതിൽനിന്ന് ചില മാറ്റങ്ങൾ വരാൻ ഏറെ കാലമെടുത്തു. എന്നാൽ വർത്തമാനകാലത്തിൽ സ്ത്രീസ്വാതന്ത്ര്യവും ശാക്തീകരണ പ്രവർത്തനങ്ങളും ശക്തിയാർജ്ജിച്ചു എന്നത് സമ്മതിക്കാവുന്നതാണെങ്കിലും എല്ലായിടത്തും അത് പ്രാവർത്തികമായോ എന്നത് ചിന്തിക്കേണ്ടതാണ്.സാഹിത്യരചനയുടെ മേഖലയിൽ ഇന്ന് പെണ്ണെ ഴുത്തുകാർ ഉണ്ട്.പല പ്രശ്നങ്ങളെയും അനാവരണം ചെയ്യുന്നുമുണ്ട് എങ്കിലും അസ്വാതന്ത്ര്യത്തിന്റെ ചട്ടക്കൂടുകളിൽ ഒതുങ്ങിപ്പോയ പുറംലോകമറിയാത്ത എത്രയോ പ്രതിഭകൾ ഉണ്ട്. സംഗീതത്തിൽ, സാഹിത്യത്തിൽ അങ്ങനെ പലയിടത്തും ഉയർന്നുവരാനാകാതെ ഒരു പകുതിയെങ്കിലും ഉണ്ടെന്നത് നിസംശയം പറയാം. പെണ്ണെഴുത്ത് എന്ന സംജ്ഞ സൃഷ്ടിച്ച കോലാഹല ങ്ങൾ ചെറുതായിരുന്നില്ല .സ്ത്രീകളുടെ പ്രശ്നങ്ങളും മാനസികവ്യാപാരങ്ങളും മറയില്ലാതെ വിളിച്ചുപറഞ്ഞ സ്വാതന്ത്ര്യേച്ഛുക്കളായ എഴുത്തുകാരികൾക്ക് കടുത്ത വിമർശനശരങ്ങൾ ഏല്ക്കേണ്ടിവന്നു.ഇത്തരത്തിൽ സ്ത്രീവിരുദ്ധ നിലപാടുകൾ ഇന്നും തുടരുന്നു.പീഡനങ്ങൾക്കിരയായ അഭിനവ താത്രിമാർ ഇന്നുമുണ്ട്. മാധ്യമങ്ങൾ കച്ചവടവൽക്കരണത്തിന്റെ ഭാഗമായി സ്ത്രീശരീരത്തി ന്റെ മുഴപ്പും മിനുപ്പും ഉപയോഗപ്പെടുത്തുമ്പോൾ ദേവദാസി സംസ്കാരത്തിന്റെ

ഏതോ രംഗങ്ങൾ മുന്നിലെത്തുന്നു.ഇത്തരത്തിൽ സ്ത്രീയുടെ അർദ്ധനഗ്നശരീരത്തിന്റെ പ്രദർശനത്തിനൊപ്പം അത്തരത്തിൽ പുരുഷനെ ചിത്രീകരിക്കുന്നില്ല. പ്രദർശനപരതയുടെ അടയാളപ്പെടുത്തലായി അന്നും ഇന്നും ഉപയോഗിക്കപ്പെടുന്നത് പെണ്ണുടൽ മാത്രമാണ്.നിരവധി പെൺകുട്ടികൾ ഇന്നും വില്പനവസ്തുക്കളാകുന്നുണ്ട്. അവയിൽനിന്നും ഇന്നും മോചനം ലഭിച്ചിട്ടില്ല.പണ്ടുകാലത്ത് അടിമകളാക്കി കണക്കാക്കിയ സമുദായങ്ങൾ കാലാന്തരത്തിൽ മോചിതരായി. ജോലിക്ക് കൃത്യമായ കൂലിയുണ്ടായി.അവകാശങ്ങൾക്ക് അംഗീകാരമുണ്ടായി. എല്ലായിടത്തും സ്വാതന്ത്ര്യവും ഉണ്ടായി.എന്നിരിക്കിലും സ്ത്രീകൾ ഇന്നും മാനസികവും ശാരീരികവും വൈയക്തികവുമായ അടിമത്തത്തിൽ നിന്നും പൂർണമായ മോചനം നേടിയിട്ടില്ല. എന്നും ചൂഷണങ്ങൾക്കും ആധിപത്യത്തിനും ഒരു പോലെ ഇരയായിരുന്നത് പ്രകൃതിയും സ്ത്രീയും തന്നെയായിരുന്നു. മാറ്റങ്ങൾ അനിവാര്യമാണ്. സ്ത്രീ സ്വാതന്ത്ര്യത്തിൽ സമൂഹത്തിന്റെ കാഴ്ചപ്പാട് ഇനിയും മാറേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ സകല മേഖലകളിലും സ്ത്രീപ്രാതിനിധ്യം ഉണ്ടെങ്കിലും ചില പൂർത്തീകരണങ്ങൾ ഇനിയും ആവശ്യമാണ്. സ്വാതന്ത്ര്യം എന്നതിലുപരി സുരക്ഷിതത്വമാണ് അനിവാര്യം. അതിന് സജ്ജമാകുന്ന ഒരു സമൂഹം നിലവിൽ ഉണ്ടാകേണ്ടതാണ് ആവശ്യം. അത്യന്താധുനികതയിൽ സർവ്വതന്ത്ര സ്വതന്ത്രരായി വിരാജിക്കുമ്പോഴും സ്ത്രീസുരക്ഷ കൂടി ഉറപ്പാകുമ്പോൾ മാത്രമേ പൂർണമായ അടിമ വിമോചനം സാധ്യമാകൂ.

## ആധാരസൂചി

1. അച്യുതവാര്യർ എസ്സ്, പ്രൊഫ., കേരളസംസ്കാരം,കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006.
2. ഗോപാലകൃഷ്ണൻ പി.കെ., കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം, 2012.
3. ചന്ദ്രിക സി.എസ്സ്., കേരളത്തിലെ സ്ത്രീചരിത്രങ്ങൾ മുന്നേറ്റങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം, 2016.
4. ജേക്കബ് നായത്തോട്, സംഘകാലത്തെ ജനജീവിതം, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016.
5. രവിവർമ്മ കെ.ടി., പണ്ടത്തെ മലയാളക്കര കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം 2014.
6. രാജൻ ചുങ്കത്ത്, ഡോ., സ്മാർത്തം പൂർണ്ണാപബ്ലിക്കേഷൻസ്, കോഴിക്കോട്, 2016.
7. രാജീവ്, വി. ഡോ., ആര്യാധിനിവേശവും നമ്പൂതിരി സംസ്കാരവും, സാഹിത്യ

പ്രവർത്തകസഹകരണസംഘം, കോട്ടയം, 2015.

8. ശ്രീധരൻ പുറത്തുർ, കേരളചരിത്രം, എച്ച് & സി പബ്ലിഷിംഗ് ഹൗസ്, തൃശ്ശൂർ, 2017.

9. ശ്രീധരമേനോൻ, എ., കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം, 2013.

10. സോമൻ പി., ഡോ., അമ്മദൈവവും സംസ്കാരവും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ഡിസംബർ, 2011.

11. Maya devi, S. Dr., A History of social changes in Travancore, Krishna publications, Thiruvananthapuram, 2014.

12. Mateer Samuel, Rev. Native Life in Travancore, W.H. Allen and co., London 1883.

13. Sivasankaran Nair K., Early History of Kerala, International Centre for Kerala Studies, University of Kerala, kariavattom, 2010.

14. Sreedhara Menon A., Survey of Kerala History, Viswanathan Printers and Publishers Pvt. Ltd., Madras.

*priyanarayanan198@gmail.com*